പരീക്ഷാ കമ്മീഷണറുടെ ഓഫീസിലെ തീ പിടിത്തം

51 [1573] ശ്രീ. എ.കെ. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻട്രൻസ് പരീക്ഷാ കമ്മീഷണറുടെ ഓഫീസിലെ ഏതാനും രേഖകൾ തീ പിടിച്ച് നശിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണമെന്തായിരുന്നു;

(സി) തീ പിടിത്തത്തിൽ ഏതെല്ലാം രേഖകളാണ് നഷ്ടപ്പെട്ടത്;

(ഡി) നഷ്ടപ്പെട്ട പേപ്പറുകളിൽ ഒ.എം.ആർ. ഷീറ്റ് ഉണ്ടായിരുന്നുവോ;

(ഇ) എങ്കിൽ ഏത് വർഷത്തെ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസ് സ്ഥിതി ചെയ്യുന്ന ബഹുനില കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടന്നു വരുന്ന സമയത്ത് ആരോ അശ്രദ്ധമായി വലിച്ചെറിഞ്ഞ സിഗരറ്റു കുറ്റിയിൽ നിന്നാകാം തീ പിടിച്ചതെന്ന് പ്രവേശന പരീക്ഷാ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഉപയോഗ ശൂന്യമായ ഓഫീസ് ഫർണിച്ചർ, മുൻ വർഷങ്ങളിലെ ഉപയോഗം കഴിഞ്ഞ അപേക്ഷാഫാറങ്ങൾ, പ്രോസ്പെക്ടസ്, ബ്രോഷർ, ഓഫീസ് സൈക്കിൾ, കട്ടിംഗ് മെഷീൻ തുടങ്ങിയവയാണ് കത്തി നശിച്ചത്.

(ഡി) ഇല്ലായിരുന്നു.

(ഇ) ഉദിക്കുന്നില്ല.

ഗ്രാമീണ മേഖലയിലെ വിദ്യാർത്ഥികൾക്കുകൂടി പ്രയോജനപ്പെടത്തക്കവണ്ണം എൻട്രൻസ് പരീക്ഷാരീതി മാറ്റുന്നതിന് നടപടി

52 [1574] ശ്രീ. എം.വി. ജയരാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിലേക്കുള്ള എൻട്രൻസ് പരീക്ഷാരീതി ഗ്രാമീണമേഖലയിലെ വിദ്യാർത്ഥികൾക്ക് പിന്തുടരാൻ കഴിയുന്നില്ല എന്ന യാഥാർത്ഥ്യം സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) എൻട്രൻസ് പരീക്ഷയിലെ ഉന്നത വിജയം കരസ്ഥമാക്കിയവരിൽ നഗര-ഗ്രാമാനുപാതം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ കഴിഞ്ഞ മൂന്നു വർഷത്തെ അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) നഗരങ്ങളിലെ മെച്ചപ്പെട്ട പഠന സൗകര്യങ്ങൾ ഗ്രാമങ്ങളിൽ ലഭിക്കുന്നില്ല എന്നതും അത്തരം പഠന സൗകര്യങ്ങൾക്കുള്ള പണച്ചെലവ് ഗ്രാമങ്ങളിലെ വിദ്യാർത്ഥികൾക്ക് താങ്ങാനാകുന്നില്ലെന്നതും സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly